**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 25** **12-01-2021 - ൽ മറുപടിയ്ക്ക്**

**നവജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവജീവൻ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ ; | (എ) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പുനരധിവാസ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് 28/12/2020-ലെ സ.ഉ.(കൈ) നമ്പർ. 59/2020/തൊഴിൽ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു : i. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി. ii. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ. സ്വയംതൊഴിൽ വായ്പ സഹായ പദ്ധതി പ്രകാരം, കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, 50-65 പ്രായപരിധിക്കുള്ളിലുള്ളതും, സ്ഥിരം തൊഴിൽ ലഭിക്കാത്തതും, വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും, എഴുത്തും വായനയും അറിയാവുന്നതുമായ ഗുണഭോക്താക്കൾക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരം സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് 50,000/- രൂപ വരെ ബാങ്ക് വായ്പയായും വായ്പയുടെ 25% (പരമാവധി ₹12,500/-) രൂപ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സർക്കാർ സബ്സിഡിയായും അനുവദിക്കും. സബ്സിഡി തുക |

| | | | |
|---|---|---|---|
| | | | ധനകാര്യ സ്ഥാപനത്തിൽ ആരംഭിച്ചിട്ടുള്ള സസ്പെൻസ് അക്കൗണ്ടിൽ ആദ്യമേ വരവ് വച്ച് 0% പലിശ നിരക്കിൽ സൂക്ഷിക്കുന്നതും, സബ്സിഡി ഒഴികെയുള്ള തുകയ്ക്ക് മാത്രം ബാങ്ക് ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കുന്നതുമാണ്. സംരംഭത്തിന്റെ പ്രവർത്തനം മൂന്ന് വർഷത്തിന് ശേഷവും തൃപ്തികരമായി തുടർന്ന് പോകുന്നെങ്കിൽ മാത്രം സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്കു വരവ് വയ്ക്കുന്നതും എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർ, മരണപ്പെടുന്നവർ എന്നിവരുടെ സബ്സിഡി തുക അവശേഷിക്കുന്ന വായ്പ തുകയിൽ ക്രമപ്പെടുത്തുന്നതുമാണ്. 17.12.2018-ലെ സ.ഉ.(കൈ) നമ്പർ 73/2018/തൊഴിൽ പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ രണ്ടാം ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിനുള്ള നടപടികൾ എംപ്ലോയ്മെന്റ് ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | നിപ, കോവിഡ് തുടങ്ങിയ മഹാമാരികളും പ്രളയവും കേരളത്തെ സാരമായി ബാധിച്ചപ്പോൾ സർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതികൾ പൊതുജനം എത്ര മാത്രം ഉപയോഗപ്പെടുത്തിയെന്ന് വിശദമാക്കാമോ? | (ബി) | നിപ, കോവിഡ് തുടങ്ങിയ മഹാമാരികളും പ്രളയവും ബാധിച്ച സമയത്ത് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഉണർന്നു പ്രവർത്തിക്കുകയും, വിവിധ കേന്ദ്ര സേനകൾ, സന്നദ്ധ സംഘടനകൾ, എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ അടിയന്തിര രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസപ്രവർത്തനങ്ങളും നടത്തുകയും രോഗങ്ങളെ നല്ല നിലയിൽ പ്രതിരോധിക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം നേരിട്ടവർക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് നഷ്ടപരിഹാരം നൽകുകയും, ഭവനം, ഷെൽട്ടറുകൾ, എന്നിവ ഉറപ്പാക്കുകയും അനവധി ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയാനന്തര കേരളത്തെ പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ തരത്തിൽ പുനർനിർമ്മിക്കുന്നതിനായി സമഗ്രവും സർവതല സ്പർശിയുമായ ആസൂത്രണ പദ്ധതി രൂപപ്പെടുത്തുന്നതിനും പുനർനിർമ്മാണ പ്രക്രിയയ്ക്ക് ഭരണപരമായ നേതൃത്വം നൽകുന്നതിനും വേണ്ടി സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI) രൂപം നൽകി. സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗപരിപാലനവും ക്ഷീരവികസനവും, ഫിഷറീസ്, ജീവനോപാധികൾ, ഭൂമി, എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികൾ ആർ.കെ.ഐ.യ്ക്കു കീഴിൽ നടപ്പിലാക്കിവരുന്നു. നിപ, കോവിഡ് എന്നീ രോഗങ്ങളുടെ പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിലുള്ള ബോധവൽക്കരണം, സൗജന്യ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്നിവ സമൂഹത്തിനു വളരെ ആശ്വാസകരമായിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണുകൾ, സൗജന്യ റേഷൻ, എല്ലാ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ കിറ്റുകളുടെ വിതരണം, ക്ഷേമനിധി ബോർഡുകളിലൂടെയുള്ള ധനസഹായ വിതരണം എന്നീ പദ്ധതികൾ മഹാമാരിയുടെ കാലത്ത് ആരും പട്ടിണി കിടക്കേണ്ടി വരരുത് എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന് നൂറു ശതമാനം ഫലപ്രദമായിരുന്നു. 'ബ്രേക്ക് ദി ചെയ്ൻ' പ്രചാരണം കോവിഡ് പ്രതിരോധത്തിന് ഊന്നൽ നൽകുവാനും രോഗവ്യാപനം തടയുവാനും സഹായകരമായിരുന്നു. കോവിഡ് കാലത്ത് ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് സർക്കാർ നല്കിയ കരുതൽ വളരെ വലുതായിരുന്നു. കോവിഡ് വ്യാപനം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ മൂലം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതെ കൊണ്ടുപോകുന്നതിന് 'ഫസ്റ്റ് ബെൽ പദ്ധതി' നടപ്പിലാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിയതും, നല്കിയതുമായ എല്ലാ ജനകീയ പദ്ധതികളെയും പൊതുജനം സർവ്വാത്മനാ സ്വീകരിച്ചിട്ടുള്ളതായാണ് വിലയിരുത്തുന്നത്. |

സെക്ഷൻ ഓഫീസർ